**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ തൂക്കുപാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിലെ മീറ്റ്നയെയും ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളിയെയും തമ്മിൽ ബന്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള മീറ്റ്ന കുത്താമ്പുള്ളി തൂക്കുപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവെയുടെ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ മീറ്റ്നയെയും ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. പൊതുമരാമത്ത് വകുപ്പും റെയിൽവേ ഉദ്യോഗസ്ഥരും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പാലപ്പുറം റെയിൽവേ ഭൂമിയിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. റെയിൽവേയുടെ ഭാഗത്തു നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ